# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3501**      **12/12/2014** ൽ മറുപടിയ്ക്ക്

**പച്ചക്കറികളിലെ വിഷാംശം പരിശോധിച്ച് തിട്ടപ്പെടുത്തുന്നതിനുള്ള ജില്ലതല സംവിധാനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാജു | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| കൃഷിവകപ്പിന്റെ കീഴിൽ ജില്ലാ അടിസ്ഥാനത്തിൽ പച്ചക്കറികളിലെ വിഷാംശം പരിശോധിച്ച് കണ്ടെത്തി നടപടികൾക്ക് ശുപാർശ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരം സംവിധാനം നടപ്പിൽവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | കൃഷിവകുപ്പിന്റെ കീഴിൽ ജില്ലാ അടിസ്ഥാനത്തിൽ പച്ചക്കറികളിലെ വിഷാംശം പരിശോധിച്ച് കണ്ടെത്തുവാനുള്ള സംവിധാനങ്ങൾ നിലവിലില്ല. എന്നാൽ കൃഷിവകുപ്പും കേരള കാർഷിക സർവ്വകലാശാലയും ചേർന്ന് 'സേഫ് റ്റു ഈറ്റ്' എന്ന പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്. തിരുവനന്തപുരത്തെ പച്ചക്കറികടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ, കാസർഗോഡ് പച്ചക്കറിച്ചന്തകൾ എന്നിവിടങ്ങളിൽ നിന്നായി 50 മുതൽ 60 ഇനം പച്ചക്കറികളുടെ 200 ഓളം സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബറട്ടറിയിൽ എത്തിച്ചാണ് പരിശോധന നടത്തുന്നത്. വിവിധ പച്ചക്കറികളിൽ കണ്ടെത്തുന്ന കീടനാശിനികളുടെ വിഷാംശം സംബന്ധിച്ചുള്ള വിശദകണക്കുകൾ കേരള സർക്കാർ ഔദ്യോഗിക് വെബ് പോർട്ടൽ www.kerala.gov.in പ്രസിദ്ധീകരിക്കുന്നു. പത്രമാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ ബോധവത്കരിക്കുന്നു. |

സെക്ഷൻ ഓഫീസർ